സമുന്നതി


**കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ**

ഫോൺ: **0471-2311215**, **e-mail:** kswcfc@gmail.com **Website:** www.kswcfc.org


**വിദ്യാസമുന്നതി (2015-16) സ്കോളർഷിപ്പ്- ബിരുദം, ബിരുദാനന്തരബിരുദം**

**അപേക്ഷകൾ ഓൺലൈനായി ക്ഷണിക്കുന്നു.**

2015-16 സാമ്പത്തിക വർഷത്തേയ്ക്ക് കേരള സംസ്ഥാനത്തിലെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാസമുന്നതി സ്കോളർഷിപ്പിനായുള്ള നിബന്ധനകൾ:-

- അപേക്ഷകർ www.kswcfc.org എന്ന വെബ്സൈറ്റിൽ **നിർബന്ധമായി** രജിസ്റ്റർ ചെയ്യേണ്ടതും, അങ്ങനെ ലഭ്യമാകുന്ന രജിസ്റ്റർനമ്പർ ഉപയോഗിച്ച് അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.

- അപേക്ഷകർ കേരള സംസ്ഥാനത്തിലെ മുന്നാക്ക സമുദായ വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരാകണം.

- അപേക്ഷകന്റെ **കുടുംബ വാർഷിക വരുമാനം** എല്ലാ മാർഗ്ഗങ്ങളിൽ നിന്നും രണ്ടു ലക്ഷം രൂപ കവിയാൻ പാടുള്ളതല്ല.

- കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ മറ്റിതര സ്കോളർഷിപ്പുകൾ/ സ്റ്റൈഫന്റുകൾ ലഭിക്കുന്ന വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ അർഹരല്ല. ഇത് സംബന്ധിച്ച് തെറ്റായ വിവരം അപേക്ഷയിൽ രേഖപ്പെടുത്തുന്ന പക്ഷം സ്കോളർഷിപ്പിനത്തിൽ ലഭ്യമായ തുക 15% കൂട്ടുപലിശയും ചേർത്ത് തിരിച്ചടക്കേണ്ടതാണ്. പ്രസ്തുത വിദ്യാർത്ഥി തുടർന്ന് സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹനല്ലാതാകുന്നു.

- സർക്കാരിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതക്കനുസൃതമായാണ് അപേക്ഷകർക്ക് ധനസഹായം ലഭ്യമാക്കുന്നത്. കുടുംബ വാർഷിക വരുമാനം രണ്ട്

ലക്ഷം രൂപ വരെയുള്ളവർക്ക് ഈ സ്കീമിൽ അപേക്ഷിക്കാം എങ്കിലും കുറഞ്ഞ വരുമാന പരിധിയിൽപ്പെടുന്നവർക്ക് മുൻഗണന നൽകി കൊണ്ടും, ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായിട്ടുമാണ് ഗുണഭോക്താക്കളുടെ അന്തിമപട്ടിക തയ്യാറാക്കുന്നത്.

- അപേക്ഷകൾ Online ആയി സമർപ്പിക്കുമ്പോൾ അപേക്ഷയോടൊപ്പം അതാതു സ്കീമുകൾക്ക് നിർദ്ദേശിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ കൂടി **സ്കാൻ ചെയ്ത് അപ്ലോഡ് ചെയ്യേണ്ടതാണ്**.

- സ്കോളർഷിപ്പ് പുതുക്കൽ ഇല്ലാത്തതിനാൽ **മുൻ വർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിച്ചവരും പുതുതായി അപേക്ഷിക്കേണ്ടതാണ്.**

- സ്കോളർഷിപ്പ് ലഭിക്കുന്നതിന് അപേക്ഷകർക്ക് നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ് ബാങ്കുകളുടെ ഏതെങ്കിലും ഒരു ശാഖയിൽ അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതാണ്.

- അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളതും, അപേക്ഷകന്റെ പേരിൽ ഉള്ളതുമായ ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ ധനസഹായം ലഭ്യമാക്കുകയുള്ളൂ.

- സ്കോളർഷിപ്പ് നൽകുന്നത് സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനം അന്തിമമാണ്. ഇതുസംബന്ധിച്ച അപ്പീലുകൾ സ്വീകരിക്കുന്നതല്ല.

- അപേക്ഷകർക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി വരെ സമർപ്പിച്ച അപേക്ഷകൾ തിരുത്തുന്നതിനുള്ള അവസരം ലഭിക്കും.

| വിദ്യാസമുന്നതി-സ്കോളർഷിപ്പ് (2015-16) | | പ്രതിവർഷ സ്കോളർഷിപ്പ് തുക (2015-16) | സ്കോളർഷിപ്പുകളുടെ എണ്ണം | അംഗീകരിക്കപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ | പ്രത്യേക അവശ്യ യോഗ്യത | അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ട രേഖകൾ |
|---|---|---|---|---|---|---|
| ബിരുദം | പ്രൊഫഷണൽ | 7,000/- | 2,500 | കേരളത്തിലെ യൂണിവേഴ്സിറ്റികൾ അംഗീകരിച്ച കേരളത്തിലെ സർക്കാർ/ എയിഡഡ്/ സ്വാശ്രയവിദ്യാഭ്യാസ റിസർച്ച് ആന്റ് സയന്റിഫിക്ക് സ്ഥാപനങ്ങൾ | 1) അപേക്ഷ ക്ഷണിക്കുന്ന അവസരത്തിൽ അപേക്ഷകന് 35 വയസ്സ് തികയുവാൻ പാടില്ല.<br>2) +2 / ഹയർ സെക്കണ്ടറി തലത്തിൽ ഫസ്റ്റ് ക്ലാസ്സോ, 60 % മാർക്കോ, തത്തുല്ല്യ ഗ്രേഡോ നേടിയിരിക്കണം. | • കോളേജ് അധികാരി നൽകുന്ന സർട്ടിഫിക്കറ്റ്<br>• വരുമാന സർട്ടിഫിക്കറ്റ് (റവന്യു അധികാരി/വില്ലേജ് ഓഫീസർ നൽകുന്നത്).<br>• മാർക്ക് ലിസ്റ്റ് (+2/തത്തുല്യം)<br>• ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജ് (അക്കൗണ്ട് നമ്പറും, ബ്രാഞ്ചും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം). |
| | നോൺ പ്രൊഫഷണൽ | 5,000/- | 3,500 | | | |
| ബിരുദാനന്തര ബിരുദം | പ്രൊഫഷണൽ | 8,000/- | 1,250 | കേരളത്തിലെ യൂണിവേഴ്സിറ്റികൾ അംഗീകരിച്ച കേരളത്തിലെ സർക്കാർ/ എയിഡഡ്/ സ്വാശ്രയവിദ്യാഭ്യാസ റിസർച്ച് ആന്റ് സയന്റിഫിക്ക് സ്ഥാപനങ്ങൾ | 1) അപേക്ഷ ക്ഷണിക്കുന്ന അവസരത്തിൽ അപേക്ഷകന് 35 വയസ്സ് തികയുവാൻ പാടില്ല<br>2) ബിരുദതലത്തിൽ, താഴെപ്പറയും പ്രകാരം മാർക്ക് നേടിയവർ മാത്രമേ അപേക്ഷിക്കാവൂ.<br>a.സയൻസ് — 60 % മോ, അതിലേറെയോ<br>b.ആർട്ട്സ്& കോമേഴ്സ് — 50 % മോ, അതിലേറെയോ<br>c. നിയമം & മാനേജ്മെന്റ് — 50 % മോ, അതിലേറെയോ | • കോളേജ് അധികാരി നൽകുന്ന സർട്ടിഫിക്കറ്റ്<br>• വരുമാന സർട്ടിഫിക്കറ്റ് (റവന്യു അധികാരി/വില്ലേജ് ഓഫീസർ നൽകുന്നത്).<br>• മാർക്ക് ലിസ്റ്റ് (ഡിഗ്രി)<br>• ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജ് (അക്കൗണ്ട് നമ്പറും, ബ്രാഞ്ചും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം). |
| | നോൺ പ്രൊഫഷണൽ | 6,000/- | 1,667 | | | |